മൂന്ന് മേഖല യൂണിയനുകളും കൂടി പ്രതിദിനം ശരാശരി 11 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിൽനിന്നും സംഭരിക്കുന്നുണ്ട്.

(ഡി) മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ ഈ സാമ്പത്തിക വർഷത്തിൽ 4 മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ പാൽ വിതരണത്തിനായി മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നുണ്ട്. മലബാർ മേഖലാ യൂണിയനിൽ 5 മിൽമ ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിംഗിന് സൗകര്യപ്രദമായ രീതിയിൽ പെട്ടെന്നുള്ള ഡിമാന്റുകൾക്ക് പാൽ എത്തിച്ചുകൊടുക്കുന്നതിന് വേണ്ടിയും ഉപഭോക്താക്കൾക്ക് 24 മണിക്കൂറും പാലുല്പന്നങ്ങൾ യഥാസമയം ലഭ്യമാക്കുക, പാൽ വിപണന ശൃംഖല ശക്തിപ്പെടുത്തി പാൽ വിപണനം വ്യാപിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നത്.

(ഇ) 2015-16 വർഷംകൊണ്ട് സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൊട്ടാരക്കര സാംസ്കാരിക മ്യൂസിയം

63 (2696) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കരയിൽ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന്റെ മ്യൂസിയം നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്നു വെളിപ്പെടുത്തുമോ ;

(ബി) മ്യൂസിയത്തിൽ നടത്തിയ നവീകരണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) കെട്ടിടത്തിൽ നിന്നും മ്യൂസിയം ഒഴിയണമെന്ന ദേവസ്വം ബോർഡിന്റെ നോട്ടീസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത മ്യൂസിയം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽത്തന്നെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കൊട്ടാരക്കരയിൽ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന്റെ മ്യൂസിയത്തിൽ നടത്തിയ നവീകരണ പ്രവൃത്തികളും ചെലവായ തുകയും ചുവടെ ചേർക്കുന്നു :

പ്രവൃത്തികൾ	ചെലവായ തുക (രൂപ)
മ്യൂസിയം ദേവസ്വം ബോർഡ് കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് വേണ്ടിവന്ന പ്രാരംഭ നടപടികൾ	1,13,985
മെഗാലിത്ത് ഗ്യാലറി, ന്യൂമിസ്മാറ്റിക് ഗ്യാലറി, സ്കൾപ്ചർ ഗ്യാലറി എന്നിവയുടെ സജ്ജീകരണം, ലേബലിംഗ്	1,47,382
ക്ലാസ്സിക്കൽ ആർട്ട്സ് ഗ്യാലറി, ഓഫീസ് എന്നിവയുടെ സജ്ജീകരണം	1,38,807
ശില്പങ്ങൾ, ദാരുശില്പങ്ങൾ എന്നിവ പ്രദർശന യോഗ്യമാക്കൽ	19,750
കഥകളിക്കോപ്പുകളുടെ നവീകരണം, പ്രതിമകളുടെ കേടുപാട് തീർക്കൽ	4,00,000
ആകെ	8,19,924

(സി) ഉണ്ട്.

(ഡി) പ്രസ്തുത മ്യൂസിയം ഉൾപ്പെടുന്ന കെട്ടിടത്തിന്റെ പഴക്കം, ചരിത്ര വസ്തുതകൾ എന്നിവ പരിഗണിച്ച് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ടു ആക്ട് പ്രകാരം മ്യൂസിയം ഉൾപ്പെടെയുള്ള സ്ഥലം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കാനാണ് ഉദ്ദേശിക്കുന്നത്. കെട്ടിടം സംരക്ഷിത സ്മാരകമാക്കുന്നതിലേയ്ക്കായി റവന്യൂ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.